# അവഗണിക്കാൻ ഇവർ എന്തു ചെയ്തു?

*കോളേജ് മാഗസിനിൽ എന്തിനാണ് ഇങ്ങനെയുള്ള കാര്യങ്ങൾ എന്നു നിങ്ങളിൽ ചിലരെങ്കിലും ഒരുപക്ഷെ ചിന്തിക്കാം. എല്ലാമറിയുന്ന എല്ലാകഴിവുമുള്ള നമുക്ക് യുവത്വത്തിന്റെ ലഹരിയിൽ നമ്മുടെ പല സഹോദരൻമാരെയും കണ്ടില്ലെന്നുവരാം. സുഖത്തിനുവേണ്ടി മാത്രം ജീവിക്കുന്ന നമ്മുടെ കണ്ണ് തുറക്കുന്നതായിരിക്കണം ഈ ഫീച്ചർ. നമ്മുടെ സ്വന്തം സഹോദരന് അല്ലെങ്കിൽ സഹോദരിക്ക് ഈ അവസ്ഥ വരുന്നതെങ്കിൽ നമ്മൾ അവനെ അവഗണിക്കുമോ?*

**100** മീറ്റർ ഓട്ടത്തിനു തയാറായി നില്ക്കുകയാണ് അവർ 7 പേർ. മത്സരത്തിന്റെ ലോകത്ത് ഒരു ചെറിയ മത്സരത്തിനായി അവർ തയാറായി നിന്നു. വിസിൽ കേട്ടാൽ ലക്ഷ്യത്തിലേക്കുള്ള കുതിപ്പിനു അവർ തലകുലുക്കി സമ്മതിച്ചു അവർ അതുമനസിലാക്കി എന്നു സംഘടാകർ ഉറപ്പാക്കുന്നു. വിസിൽ മുഴങ്ങി. അവർ 7 പേരും ലക്ഷ്യം ലക്ഷ്യമാക്കി പാഞ്ഞു. ഒരു നിമിഷം കൂടെ ഓടിയ ഒരുവൻ ഓട്ടത്തിനിടയിൽ വീഴുന്നു. തങ്ങളുടെ ഒരു മത്സരാർത്ഥി കുറഞ്ഞല്ലോ എന്നു കരുതി ബാക്കി 6 പേർ കുതിപ്പിനു വേഗം കൂട്ടിയില്ല ഒരുവൻ വീണതറിഞ്ഞ് അവർ തിരികെ അവനെ പിടിച്ചു എഴുന്നേല്പ്പിക്കുന്നു. എന്നിട്ടു അവർ 7 പേരും ഒരുമിച്ചു ഓടി ഒരുമിച്ചു ലക്ഷ്യത്തിലെത്തുന്നു.

മത്സരങ്ങളുടെ കാലത്ത് കൂടെയുള്ളവന്റെ വീഴ്ചയിൽ സന്തോഷിക്കുന്ന ഈ തലമുറയിൽ ഇവർ ആരാണ് എന്നു അന്വേഷിക്കുന്നവർക്കു വേണ്ടി.



സമൂഹം ഇവരെ മന്ദബുദ്ധികൾ എന്നുവിളിക്കുന്നു. ഇവരെ സമൂഹം സഹതാപത്തോടെ നോക്കി അകറ്റി നിർത്തുന്നു. സമൂഹം ഇവരെ വിഡ്ഢികളായി ചിത്രീകരിക്കുന്നു. ഈ സമൂഹത്തോടു ഒട്ടും പരിഭവമില്ലാത്ത ഇവരുടെ അടുക്കലേക്കു നമുക്കു പോകാം.

വിദ്യാർത്ഥികൾക്ക് സമൂഹത്തിലേക്ക് ഒരു തിരിഞ്ഞുനോട്ടം നടത്താൻ പാകമായ വിഷയം അന്വേഷിച്ചാണ് ഞങ്ങൾ തീരം സെന്ററിൽ എത്തിച്ചേർന്നത്. I C S C (India centere for social change) യുടെ കീഴിലുള്ള ഈ തീരം സെന്റർ ബുദ്ധിക്കു മാധ്യമുള്ള കുട്ടികളെ തിരിച്ചറിഞ്ഞ് അവരുടെ കഴിവുകൾ പരിപോഷിപ്പിക്കുന്ന ഒരു സംഘടനയാണ്. രാവിലെ 10 മണിക്കുതന്നെ അവിടെ എത്തിച്ചേർന്ന ഞങ്ങൾക്ക് ആദ്യം ഒരു ഈശ്വര സ്തുതി ഗാനം കേൾക്കാനിടയായി. അതു ഞങ്ങൾ അന്വേഷിച്ചെത്തിയവരിൽ നിന്നാണ് എന്നറിഞ്ഞപ്പോൾ ഞങ്ങൾക്ക് അത്ഭുതം തോന്നി.

പിന്നെ കാണുന്ന ഓരോ കാഴ്ചയും നമ്മെ അമ്പരിപ്പിക്കുന്നതാണ്. അവർ വരച്ച ചിത്രങ്ങൾ ഒരു സാധാരണ വിദ്യാർത്ഥിക്ക് സാധിക്കുന്നതായിരുന്നില്ല. അവരുണ്ടാക്കിയ കരകൗശല സാധനങ്ങൾ ബുദ്ധിയുണ്ടെന്നു സ്വയം അഭിമാനിക്കുന്ന നമ്മെ ലജ്ജിപ്പിക്കുന്നതാണ്. അവരുണ്ടാക്കിയ കുടകൾ ബാഗുകൾ അവർ തയിച്ച വസ്ത്രങ്ങൾ മറ്റു പലതും സാധാരണക്കാരെ അതിശ

യിപ്പിക്കുന്നതാണ്. കോട്ടയം മാമ്മൻമാപ്പിള ഹാളിലും നാലുന്നാക്കൽ സെന്റ് ആദായിസ് പാരിഷ്ഹാളിലും മറ്റുപല സ്ഥലങ്ങളിലും അവർ നടത്തിയ കലാപരിപാടികൾ വർണ്ണ ശോഭ കലർന്നതായിരുന്നു. ഇതെല്ലാമാണെങ്കിലും ഇവരെ സമൂഹം പരിഹാസത്തോടെ നോക്കുന്നു. എന്തുകൊണ്ട്? ഒരുത്തരം മാത്രം. മനുഷ്യന്റെ അറിവില്ലായ്മ അല്ലെങ്കിൽ എല്ലാം അറിയാമെന്നുള്ള ഭാവം.

ബുദ്ധിമാന്ദ്യം എന്നുപറയുന്നതു ഒരിക്കലും ഒരു രോഗമല്ല. അതു ഒരു



അവസ്ഥയാണ്. ഈ അവസ്ഥയ്ക്കു കാരണം ബുദ്ധി ഉണ്ടെന്നു സ്വയം അഭിമാനിക്കുന്ന നമ്മൾ തന്നെയാണ്. ഇവർക്കുള്ള പ്രശ്നങ്ങളെ മനസിലാക്കാൻ ഇന്നു ഭൂരിഭാഗവും തയാറാവുന്നില്ല. ഇവരുടെ ചെറിയ പോരായ്മകളെ വലുതാക്കിക്കാണിച്ച് നമ്മൾ സ്വയം വിഡ്ഢിവേഷം കെട്ടുമ്പോൾ പാവം കുട്ടികൾ ഇവിടെ അവഗണിക്കപ്പെടുന്നു. എങ്ങനെ ഇവർ അവഗണിക്കപ്പെടുന്നു എന്ന ചോദ്യത്തിനു തീരം സെന്റർ ഡയറക്ടർ സാം സാറിനും മറ്റും പറയാനുള്ളതു നൂറുനൂറു കാര്യങ്ങളാണ്.

ഇവരോടൊപ്പം ഇവരുടെ കുടുംബങ്ങളും ഇന്നു അവഗണിക്കപ്പെടുന്നു എന്നതാണു സത്യം. തലശ്ശേരിയിൽ ഉള്ള ഒരു വീട്ടമ്മ മകനെ വീട്ടിൽ ഒറ്റയ്ക്കു ആക്കി അവർക്കു പോകാൻ സാധിക്കില്ല. എന്നാൽ അവനെയും ആഘോഷങ്ങൾക്കും മറ്റും കൊണ്ടുപോകാം എന്നുവച്ചാൽ കൊച്ചു കുട്ടികളെപ്പോലെ നിഷ്കളങ്കമായി പെരുമാറുന്ന അവൻ ചില മാന്യൻമാർക്കു ശല്യം ഉണ്ടാക്കാം. മകനെ വീട്ടിൽ പൂട്ടിയിടാൻ അവർ അമ്മയെ ഉപദേശിച്ചു. അല്ലെങ്കിൽ അവർ പൂട്ടിയിടും എന്നു ഭീഷണിയും മുഴക്കി. മകനെ നൊന്തു പ്രസവിച്ച ആ അമ്മയ്ക്കു തന്റെ മകനെ പൂട്ടിയിടുന്നതു കാണാൻ ശക്തിയില്ലായിരുന്നു. ആ അമ്മ ആത്മഹത്യാ മുനമ്പിലെത്തിയപ്പോൾ അവിടെ തെറ്റു ചെയ്തതാരാണ്?

പാലക്കാട് ഒരു ബി.എസ്.സി. നഴ്സിങ്ങ് വിദ്യാർത്ഥിനി. കല്യാണ ആലോചനകൾ പലതുണ്ടായിട്ടും ഒന്നും നടക്കുന്നില്ല. കാരണം ആങ്ങളയ്ക്ക് ബുദ്ധിക്കു കുഴപ്പം പറ്റിയതാണ്. അതു പാരമ്പര്യമാണ് എന്നാണ് ബുദ്ധിയുള്ള സമൂഹത്തിന്റെ കണ്ടെത്തൽ.

ബുദ്ധിമാന്ദ്യം എന്നത് ഒരു പാരമ്പര്യരോഗമാണെന്ന് ഈ സമൂഹത്തോടു ആരാണു പറഞ്ഞത് സ്വയം



**വിദ്യാഭ്യാസം എന്നത് അക്ഷരാഭ്യാസം ഉണ്ടാക്കുകയല്ല വിശാലമായ അർത്ഥത്തിൽ വ്യക്തിത്വത്തിന്റെ കഴിവുകളെ, സാധ്യതകളെ, പരമാവധി വികസിപ്പിക്കുക, പൂർത്തീകരിക്കുക എന്നതാണ് വിദ്യാഭ്യാസം ചെയ്യേണ്ടത്.**

ഗാന്ധിജി



...കളുണ്ടാക്കുമ്പോൾ ഒരു വ്യക്തി മല്ല ഒരു കുടുംബമാണ് ഇവിടെ ...കച്ചു നില്ക്കുന്നത്.

...ശി തീരത്തിന്റെ അഭിമാനമാണ് ...ന്ന ഞങ്ങളെ കാണുമ്പോൾ ...വൻ കൃഷിയിലാണ്. അവന്റെ ...മ്മ ജോലിയും തന്നെ അവഗണി ...ച്ചവർക്കുള്ള ഒരു മറുപടിയാണ് എന്നുതോന്നും. അവന്റെ ബുദ്ധിക്കു ...ൽ ഒരു കാലത്തു സമൂഹം ഉപയോ ...പ്പെടുത്തുകയായിരുന്നു. താൻ ചെയ്യുന്ന തെറ്റിന്റെ കാഠിന്യം അവൻ ...നസിലാക്കിയിരുന്നില്ല. ഈ അവ ...സ്ഥം മുതലാക്കിയ മാന്യൻമാർ സമൂഹത്തിനു ഒരു ശാപമാണ്.



മഹേഷിനും സോളമനും, ഗിരീഷിനും, സന്തോഷിനും, ബിനോയിക്കും, ലീനയ്ക്കും, രാജിക്കും, ശംഭുവിനും, പ്രിൻസിനും ഓരോ കഥകൾ പറയാനുണ്ട്. അവർ ചില്ലുകളിൽ വരച്ചും തയിച്ചും, കർകൗശല സാധനങ്ങൾ നിർമ്മിച്ചും പേപ്പർ ക്യാരി ബാഗു ഉണ്ടാക്കിയും കുടയുണ്ടാക്കിയും സംഗീതവും നൃത്തവും പഠിച്ച് മുന്നേറുമ്പോൾ ആരും കാണാത്ത ഒരു വിങ്ങലും നമുക്കു ഇവരിൽ കാണാം.

സമൂഹത്തിന്റെ അവഗണന തന്നെയാണ് അവരുടെ ഈ അവസ്ഥയ്ക്കു കാരണം എല്ലാ വിദ്യാർത്ഥികൾക്കും സ്കൂളിൽ പോകാൻ കൺസഷൻ സഹായമാവുമ്പോൾ ഇവർക്ക് അതും നിഷേധിക്കുന്നു. അവരും സമൂഹത്തിന്റെ വിദ്യാർത്ഥികൾ തന്നെയല്ലേ? പിന്നെ എന്തിനു ഈ അവഗണന? ഇവിടെ തുടങ്ങുക മാത്രമാണ് അതു എത്ര മാത്രം എന്നുനോക്കിയാൽ അതു അനേകമായി നമുക്കു കാണാൻ സാധിക്കും.

തങ്ങളുടെ കഴിവുകൾ, അവകാശങ്ങൾ സമൂഹത്തെ ബോധ്യപ്പെടുത്താൻ കാസർഗോഡു മുതൽ തിരുവനന്തപുരംവരെ നവയാനവം എന്നു പേരിൽ ആരംഭിച്ച കലായാത്ര കേരള സമൂഹത്തിന്റെ നെടുകെ തങ്ങളുടെ സംരക്ഷണവും അവകാശങ്ങളും ഉന്നയിച്ചുകൊണ്ടുള്ള സാംസ്കാരിക വെളിപ്പെടുത്തലുകളാണ്. അവരോടൊപ്പം സാമൂഹിക ബോധമുള്ള ഓരോ വ്യക്തിയും അതിൽ പങ്കുചേർന്നു. അവരുടെ ഓരോ പ്രകടനവും അവരുടെ ചോദ്യങ്ങൾക്ക് ആക്കം കൂട്ടിക്കൊണ്ടിരുന്നു.

കോളേജ് മാഗസിനിൽ എന്തിനാണ് ഇങ്ങനെയുള്ള കാര്യങ്ങൾ എന്നു നിങ്ങളിൽ ചിലരെങ്കിലും ഒരുപക്ഷെ ചിന്തിക്കാം. എല്ലാമറിയുന്ന എല്ലാകഴിവുമുള്ള നമുക്ക് യുവത്വത്തിന്റെ ലഹരിയിൽ നമ്മുടെ പല സഹോദരൻമാരെയും കണ്ടില്ലെന്നുവരാം. സുഖത്തിനു വേണ്ടി മാത്രം ജീവിക്കുന്ന നമ്മുടെ കണ്ണ് തുറക്കുന്നതായിരിക്കണം ഈ ഫീച്ചർ. നമ്മുടെ സ്വന്തം സഹോദരന് അല്ലെങ്കിൽ സഹോദരിക്ക് ഈ അവസ്ഥ വരുന്നതെങ്കിൽ നമ്മൾ അവനെ അവഗണിക്കുമോ? സമൂഹം അവനെ അവഗണിച്ചാൽ നമ്മുടെ മനസ് നോവുകതന്നെ ചെയ്യും. അപ്പോൾ ലക്ഷക്കണക്കിനു കുട്ടികൾ ഇന്നു ഇതുപോലെ പ്രശ്നങ്ങൾ അനുഭവിക്കുന്ന വരാണ് അവരുടെ മാതാപിതാക്കൾ, സഹോദരൻമാർ, സഹോദരിമാർ..... അഥവ നമ്മളാണെന്നു സ്വയം കരുതി അവർക്കു വേണ്ട പ്രോത്സാഹനം നൽകാം.

അവർ ഇന്ന് സ്വയം പറയുന്നു "ഞങ്ങൾ ബുദ്ധിമാന്ദ്യം സംഭവിച്ചവർ". അപ്പോൾ നമുക്ക് അവരുടെ കണ്ണീർ തുടയ്ക്കാം. വലിയ സയൻസിന്റെയും യുക്തിയുടെയും കണിശതകൾക്കപ്പുറം നിഷ്കളങ്കമായ സ്നേഹവും ദയയും സൂക്ഷിക്കുന്ന ബുദ്ധിമാന്ദ്യമുള്ള ഈ സഹജീവികൾ നമ്മുടെ മനോലോകങ്ങളെ തീർച്ചയായും നവീകരിക്കട്ടെ. സമൂഹത്തിന്റെ മദ്ധ്യെപൊതുവായ സാമൂഹിക ബന്ധങ്ങളിലൂടെ വളർന്നാൽ, നമ്മൾ അവരെ പരിഗണിച്ചാൽ തീർച്ചയായും അവർവേറിട്ടു നില്ക്കേണ്ട സമൂഹമല്ലെന്നും നമ്മോടൊപ്പം ചേർന്നു നില്ക്കാൻ കഴിവുള്ളവരാണെന്നും നമുക്കു കാണാൻ സാധിക്കും. നിങ്ങൾ ഈശ്വരനെ കണ്ടിട്ടുണ്ടോ? ഇല്ലെങ്കിൽ ഈ കുട്ടികളുടെ നിഷ്കളങ്കമായ ചിരിയിൽ ഈശ്വരനെ കാണാം. നിങ്ങൾ ഈശ്വരനെ തൊട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ ഇവരെ നിങ്ങൾ തൊടുമ്പോൾ നിങ്ങൾ ഈശ്വരനെ തൊട്ടു എന്ന വിശ്വസിക്കാം.

*തയ്യാറാക്കിയത് :*

**ദീപു കുര്യാക്കോസ്, പ്രവീൺ കെ.പി.**